## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4073** | **27-10-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ നിയോജകമണ്ഡലത്തിലെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ എഞ്ചിനീയർമാരുടേയും മറ്റ് ജീവനക്കാരുടേയും ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനും ഇവർക്ക് ആവശ്യമായ ട്രെയിനിംഗ് നൽകി കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (എ) | ഇരിക്കൂർ നിയോജക മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള എഞ്ചിനീയർമാരുടെയും മറ്റ് ജീവനക്കാരുടെയും ഒഴിവുകളിൽ പി.എസ്.സി മുഖേന നികത്തേണ്ടവ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉദ്യോഗകയറ്റം മുഖേന നികത്തേണ്ടവയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. എഞ്ചിനിയറിംഗ് വിഭാഗത്തിൽ പദ്ധതി നിർവഹണത്തിൽ കാലതാമസം നേരിടുന്നത് പരിഹരിക്കുന്നതിലേയ്ക്കായി എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ച് മുഖേന താൽകാലിക നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ജീവനക്കാരുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിലേയ്ക്കായി സമയ ബന്ധിത മായി ആവശ്യമായ പരിശീലനം കില ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ വഴി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ